പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 2507 17.08.2017 ൽ മറുപടിക്ക്

## വൈഗാ ത്രഡ്സ് പ്രോസസ്സ് ജീവനക്കാർക്കുള്ള നഷ്ടപരിഹാരം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.ബി.ഡി. ദേവസ്സി | | ശ്രീ.ടി. പി. രാമകൃഷ്ണൻ<br>(ബഹു.തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | കൊരട്ടിയിലെ അടച്ചുപൂട്ടിയ വൈഗാ ത്രഡ്സ് പ്രോസസ്സ് എന്ന കമ്പനിയിലെ തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് വേണ്ടി പ്രത്യേക പദ്ധതിയുള്ള നടപടികൾ സ്വീകരിക്കുമോ; | (എ) | കമ്പനി ലിക്വിഡേഷനുമായി ബന്ധപ്പെട്ട് തൊഴിലാളികൾക്ക് നിയമപരമായി കടിശ്ശികയൊന്നും നിലവിലില്ല. തൊഴിലാളികൾക്ക് നഷ്ട പരിഹാരം നൽകുന്ന കാര്യം പരിശോധിച്ചതിനു ശേഷം തീരുമാനിയ്ക്കുന്നതാണ് |
| (ബി) | പ്രസ്തുത കമ്പനിയിൽ ജോലി നോക്കിയിരുന്ന തൊഴിലാളികൾക്ക് ഇ.എസ്.ഐ. യുമായി ബന്ധപ്പെട്ട "രാജീവ് ഗ്രാമീൺ കല്യാൺ യോജന"യുടെ ആനുകൂല്യം ലഭ്യമാക്കുവാൻ" കമ്പനിനിലവിൽ പ്രവർത്തിക്കുന്നില്ല" എന്ന സാക്ഷ്യപത്രം നൽകുവാൻ തൊഴിൽ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) & (സി) | അടച്ചുപൂട്ടിയ കമ്പനികളിലെ തൊഴിലാളികൾക്ക് എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് കോർപ്പറേഷനിൽ നിന്നും ലഭിക്കുന്ന രാജീവ് ഗാന്ധി ശ്രമിക് കല്യാൺ യോജന പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നതിന് 1947 ലെ വ്യവസായ തർക്ക നിയമത്തിലെ വകുപ്പ് 25(O) പ്രകാരമാണ് കമ്പനി പൂട്ടിയത് എന്നുള്ള രേഖ ആവശ്യമാണെന്ന് വൈഗ ത്രെഡ്സ് കമ്പനിയിലെ ട്രേഡ് യൂണിയനുകൾ സംയുക്തമായി ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത സ്ഥാപനം അടച്ചുപൂട്ടുന്നതിനായി കമ്പനി മാനേജ്മെന്റ് സർക്കാരിൽ സമർപ്പിച്ച അപേക്ഷ 25.02.2013-ലെ ജി.ഒ.(ആർ.റ്റി) നം.374/13/ എൽബിആർ ഉത്തരവ് പ്രകാരം നിരസിച്ചതിനാൽ മേല്പറഞ്ഞ രേഖ നൽകാൻ തൊഴിൽ വകുപ്പിന് നിർവ്വാഹമില്ലാത്ത സാഹചര്യമാണ് നിലവിലുള്ളതെങ്കിലും ബഹു. വ്യവസായ വകുപ്പ് മന്ത്രി 5.7.2017 ന് വിളിച്ചു ചേർത്ത യോഗത്തിന്റെ തീരുമാനം നം.3 പ്രകാരം ഇ.എസ്.ഐ യുമായി ബന്ധപ്പെട്ട "രാജീവ് ഗ്രാമീൺ കല്യാൺ യോജന"യുടെ ആനുകൂല്യം ലഭ്യമാക്കുവാൻ" കമ്പനി നിലവിൽ പ്രവർത്തിക്കുന്നില്ല" എന്ന സാക്ഷ്യപത്രം നൽകുവാൻ കഴിയുമോ എന്ന കാര്യം പരിശോധിച്ചു വരികയാണ്. |
| (സി) | ഇതിനായി, അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**